**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **09-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ഖരമാലിന്യ പരിപാലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എല്ലാ മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ ആയിട്ടുണ്ടോയെന്നും അറിയിക്കുമോ? | (എ) | കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി നിലവിൽ 90 നഗരസഭകളിലും ഒരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയർ, എല്ലാ ജില്ലകളിലും 5 പേരടങ്ങുന്ന ഒരു ടീമും, 15 പേരടങ്ങുന്ന ഒരു സംസ്ഥാനതല ഓഫീസും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനു ആവശ്യമായ സഹായം നൽകുന്നതിനായി പ്രോഗ്രാം മാനേജ്മെന്റ് കൺസൽട്ടൻറ്റിനെ (PMC) തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ എല്ലാ നഗരസഭകളേയും 4 മേഖലയായി തിരിച്ചു, ഓരോ മേഖലയിലേക്കും 5 അംഗങ്ങൾ അടങ്ങുന്ന ഒരു PMC ടീം രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പദ്ധതിയിൽ മൂന്ന് ഘടകങ്ങൾ ആണ് ഉള്ളത്. ഒന്നാമത്തെ ഘടകത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ കൺസൽറ്റിംഗ് ഏജൻസികളെ തിരഞ്ഞെടുത്തു പ്രവൃത്തികൾ നടത്തിവരുന്നു. രണ്ടാമത്തെ ഘടകത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേരളത്തിലെ എല്ലാ നഗരസഭകളേയും 4 മേഖലയായി തിരിച്ചു, ഓരോ മേഖലയിലേക്കും ഒരു ടെക്നിക്കൽ സപ്പോർട്ട് കൺസൽട്ടന്റിനെ (TSC) തിരഞ്ഞെടുത്തിട്ടുണ്ട്. TSC-യുടെ സഹായത്തോടെയാണ് എല്ലാ നഗരസഭകളും ഒരു സമഗ്ര ഖര മാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കുന്നത്. ആയതിനുള്ള നടപടികൾ (ഡാറ്റാ കളക്ഷൻ ആൻഡ് വാലിഡേഷൻ) സ്വീകരിക്കുന്നതിനോടൊപ്പം നിലവിൽ നഗരസഭകൾ ഏറ്റെടുത്ത ട്രാക്ക് 1 ഇയർ 1 പ്രൊപ്പാസലുകൾക്കുള്ള DPR /FR തയ്യാറാക്കുന്നതിനുള്ള പ്രവർത്തനത്തിലാണ്. കൂടാതെ കേരളത്തിലുള്ള എല്ലാ ലെഗസി ഡംപ്സൈറ്റുകൾ ശാസ്ത്രീയമായി പരിപാലനം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. മൂന്നാമത്തെ ഘടകത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | പൊതുവായ മാലിന്യ സംസ്കരണ പ്രവർത്തികൾ ആരംഭിക്കുന്നതിനായി ആവശ്യമായ രീതിയിൽ കേരളത്തിനെ വിവിധ ക്ലസ്റ്ററുകളായി തിരിച്ചുള്ള ഡാറ്റാ കളക്ഷനുകളാണ് നിലവിൽ നടക്കുന്നത്.<br><br>കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന ഖര മാലിന്യ സംസ്കരണ പ്ലാൻ എല്ലാ നഗരസഭകളിലും നിർമ്മാണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ